# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2994 — 22.06.2012 ൽ മറുപടിയ്ക്ക്

**രാസവള വിലവർദ്ധനവ് -സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജെയിംസ് മാത്യു | | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) രാസവളത്തിനും കീടനാശിനിക്കും ഉണ്ടായിട്ടുള്ള ക്രമാതീതമായ വിലവർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | രാസവളത്തിനുണ്ടായ ക്രമാതീതമായ വില വർദ്ധനവും കീടനാശിനികൾക്കുണ്ടായ നേരിയ തോതിലുള്ള വിലവർദ്ധനവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) രാസവളത്തിനും കീടനാശിനിക്കും ഉണ്ടായ വിലവർദ്ധനവിന് ആനുപാതികമായി കൃഷിക്കാർക്കു നല്കുന്ന സബ്സിഡി വർദ്ധിപ്പിച്ചിട്ടുണ്ടോ;<br>(സി) ഇല്ലെങ്കിൽ വിലവർദ്ധിച്ചതിന് ആനുപാതികമായി സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും | നിലവിൽ വിവിധ കാർഷികോല്പാദന ഉപാധികളിൽപ്പെടുത്തി 50% മുതൽ 100% വരെ രാസവളത്തിനും 50% കീടനാശിനികൾക്കും കൃഷി വകുപ്പ് /തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പാക്കുന്ന വികസന പദ്ധതികളിൽ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ രാസവളത്തിന്റെ വിലവർദ്ധനവ് കണക്കിലെടുത്ത് നെൽകൃഷിക്കാർക്ക് (ഗ്രൂപ്പ് ഫാമിംഗ്) ഇപ്പോൾ നൽകിവരുന്ന. പ്രൊഡക്ഷൻ സബ്സിഡി ഹെക്ടറിന് 1500/- രൂപ എന്നത് 3000/- രൂപയായി വർദ്ധിപ്പിക്കുവാനും അതിനുപുറമെ ഹെക്ടറിന് 1000/- രൂപ പ്രത്യേക സബ്സിഡിയായി അനുവദിക്കുവാനും (ആകെ 4000 രൂപ), വാഴക്കൃഷിക്ക് ഇപ്പോൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നൽകിവരുന്ന സബ്സിഡിക്കുപുറമെ ഹെക്ടറിന് 1000/- രൂപ കൂടി പ്രത്യേക സബ്സിഡിയായി അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ